# മന്ത്രിസഭാ തീരുമാനങ്ങൾ

## (09.09.2009)

- വിവര സാങ്കേതിക വകുപ്പിൽ നിന്നും ഒരു വർഷത്തെ ഇ-ഗവേണൻസ് പി.ജി. ഡിപ്ലോമ കോഴ്സിന് അയക്കുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ കാലാവധി ഡ്യൂട്ടിയായി പരിഗണിക്കാൻ തീരുമാനിച്ചു. ഇവർക്ക് ശമ്പളത്തിന് പുറമെയാണ് ഈ ആനുകൂല്യം നൽകുന്നത്. സർക്കാരിന്റെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ ഈ തീരുമാനം വഴിതെളിക്കും.

- കേരളാ സ്റ്റേറ്റ് ഫൈനാഷ്യൽ എന്റർപ്രൈസസിന്റെ ഗ്യാരന്റി പരിധി 1500 കോടി രൂപയിൽ നിന്ന് 2750 കോടി രൂപയാക്കി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു.

- കേരള ഹെൽത്ത് സർവീസസിലുള്ള ഡെന്റൽ സർജന്മാർക്കും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഡെന്റൽ കോളേജ് ലക്ചറർമാർക്കും സർവീസ് ക്വാട്ട മുഖാന്തരം പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സിലേക്ക് തിരഞ്ഞെടുക്കുന്നതിനുള്ള പ്രവേശന പരീക്ഷയിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചു. നേരത്തെ ഈ തീരുമാനം എം.ബി.ബി.എസ്. കോഴ്സ് കഴിഞ്ഞവർക്ക് ബാധകമായിരുന്നതാണ്.

- വയനാട് ഡിവിഷനിലെ മേപ്പാടി റെയ്ഞ്ചിലെ വൈദ്യുതി സെക്ഷനിൽപ്പെട്ട കുന്നത്ത് ഇടവക വില്ലേജിലെ 80 ഹെക്ടർ ഭൂമി 4.05.2001 ൽ പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചു. ഫോറസ്റ്റ് അധികൃതർ തെറ്റായി പുറപ്പെടുവിച്ച ഈ ഉത്തരവിന് എതിരെ ആ പ്രദേശത്തെ കർഷകർ 45 ദിവസത്തോളം നിരാഹാര സമരം അനുഷ്ടിച്ച് വരികയായിരുന്നു. നിലവിലുള്ള ജനറൽ ക്ലോസസ് ആക്ടിന്റെ അടിസ്ഥാനത്തിൽ ഇതിന് നിയമസാധുത ഉള്ളതായി നിയമവകുപ്പ് അറിയിക്കുകയും മന്ത്രിസഭ അതിന് അംഗീകാരം നൽകുകയുമാണ് ചെയ്തത്. വർഷങ്ങളായി അറുന്നോളം പേരുടെ കൈവശമുണ്ടായിരുന്ന ഭൂമി തെറ്റായി നിഷിപ്ത വനഭൂമിയാക്കിയതു കാരണമാണ് ഇപ്പോഴത്തെ പ്രതിസന്ധി ഉണ്ടായത്

- പ്രാഥമിക സഹകരണബാങ്കുകളുടെ ബാങ്കിംഗ് പ്രവർത്തനങ്ങൾക്ക് റിസർവ്വ് ബാങ്ക് കൂടുതൽ കൂടുതൽ നിയന്ത്രണമേർപ്പെടുത്തിക്കൊണ്ടിരിക്കയാണ്. കേരളത്തിലെ സഹകരണ മേഖലകളെ തകർക്കുന്ന ഇത്തരം നീക്കങ്ങളിൽനിന്നും

പിന്തിരിയാൻ കേരള സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

- സംസ്ഥാനത്തെ സർക്കാർ മേഖലയിലുള്ള മെഡിക്കൽ, ഡെന്റൽ, നഴ്സിംഗ്, ഫാർമസി കോളേജുകളിലെ അദ്ധ്യാപകരുടെ ശമ്പളവും അലവൻസുകളും പരിഷ്ക്കരിക്കാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി നോൺ പ്രാക്ടീസസ് അലവൻസുകൾ നൽകുകയും സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കുകയും ചെയ്തു.

- ജേക്കബ് തോമസ് ഐ.പി.എസിനെ പോർട്ട് ഡയറക്ടറായി നിയമിക്കുവാൻ തീരുമാനിച്ചു. നിലവിൽ തുറമുഖ ഡയറക്ടറായ ക്യാപ്ടൻ വിജയൻ പിള്ളയെ കേരള മാരിടൈൻ സൊസൈറ്റിയുടെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുവാനും തീരുമാനിച്ചു.

✲✲✲✲✲✲